(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് എന്തെങ്കിലും നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ടൂറിസ്റ്റ് സീസണിൽ ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം പ്രസ്തുത ടൂറിസ്റ്റുകേന്ദ്രത്തിലേയ്ക്ക് എറണാകുളം, ആലുവ, കൊടുങ്ങല്ലൂർ എന്നീ പ്രധാന കേന്ദ്രങ്ങളിൽ നിന്നും പ്രത്യേക ബസ്സ് സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല.

(ബി) ഉണ്ട്.

(സി) ഗോശ്രീ പാലത്തിന്റെ അപ്രോച്ചുറോഡിന്റെ പണി പൂർത്തിയാക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ടൂറിസ്റ്റ് സീസണിൽ യാത്രക്കാർ ആവശ്യത്തിന് ഉണ്ടെന്ന് കണ്ടാൽ ഇക്കാര്യം അപ്പോൾ പരിശോധിക്കുന്നതാണ്.

ടൗൺ-ടു-ടൗൺ ബസ്സിന് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

125 [3134] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വയനാട് റൂട്ടിൽ പടനിലം എന്ന സ്ഥലത്ത് കെ. എസ്. ആർ. ടി. സി.-യുടെ ടൗൺ-ടു-ടൗൺ ബസ്സിന് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീർത്ഥാടന കേന്ദ്രമായ സി.എം. മഖാം ഉൾപ്പെടെയുള്ള ഭാഗത്തേയ്ക്ക് പോകുന്ന യാത്രക്കാർക്ക് ഇവിടെ സ്റ്റോപ്പനുവദിക്കുന്നത് സൗകര്യപ്രദമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ; എന്നുമുതൽ ഇത് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ പ്രധാന പട്ടണങ്ങളിൽ ഏറ്റവും എളുപ്പം എത്തിച്ചേരാൻ പ്രാപ്തമായ വിധത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസാണ് ടൗൺ-ടു-ടൗൺ സർവ്വീസ്. കോഴിക്കോട് വയനാട് ടൗൺ-ടു-ടൗൺ സർവ്വീസിന് നിലവിൽ കൊടുവന്നിയിലും കുന്നമംഗലത്തും സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ഈ സ്റ്റോപ്പുകൾ തമ്മിൽ 3 കി.മീറ്റർ ദൂരം മാത്രമാണ് ഉള്ളത്. ആയതിനാൽ പടനിലത്ത് സ്റ്റോപ്പ് അനുവദിക്കാൻ തൽക്കാലം നിർവ്വാഹമില്ല. കൂടാതെ ഇത്തരം സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പ് അനുവദിക്കുന്നത് ഈ സർവ്വീസുകളുടെ ജനസമ്മതി കുറയ്ക്കാൻ ഇടയാക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly